കാഴ്ചപ്പാട്

കെ.സി സലീം

സഹിഷ്ണുതയുടെ സംസ്കാരം-2

# അസഹിഷ്ണുതയുടെ യൂറോപ്യൻ പ്രതീകങ്ങൾ




● *ബോസ്നിയയിൽ കൂട്ടക്കുരുതിക്കിരയായവരുടെ മൃതദേഹങ്ങൾ*


**അസഹിഷ്ണുത ലോകത്തിന്റെ പല ഭാഗങ്ങളിലും നിലനിന്നിട്ടുണ്ട്; ഇപ്പോഴും നിലനിൽക്കുന്നുമുണ്ട്. അമേരിക്കയിലും ആസ്ത്രേലിയയിലും തദ്ദേശവാസികളെ കൊന്നൊടുക്കി അവരുടെ ഭൂമി കൈവശപ്പെടുത്തിയവരുടെ മനോഭാവം സഹകരണത്തിന്റേതായിരുന്നില്ല; ശാത്രവത്തിന്റെയും കൈയടക്കലിന്റേതുമായിരുന്നു.**

**കുറേ** വർഷങ്ങൾക്ക് മുമ്പ് സൽമാൻ റുഷ്ദിയുടെ *സേററനിക് വേഴ്സസ്* നിരോധിക്കപ്പെടുകയും ഇറാനിലെ മതനേതാവ് ഇമാം ഖുമൈനി റുഷ്ദിക്ക് വധശിക്ഷ വിധിക്കുകയും ചെയ്ത വിവാദകാലത്തുണ്ടായ ഒരനുഭവം ഓർത്തുപോവുന്നു. യാഥാസ്ഥിതിക മതസംഘടനയോട് ആഭിമുഖ്യം പുലർത്തുന്ന, കടുത്ത ഖുമൈനി വിരോധിയായ ജില്ലാതല ഓഫീസറായ ഒരു മുസ്‌ലിം ഉദ്യോഗസ്ഥൻ രാവിലെ എന്റെ ഓഫീസിൽ വന്ന് കുശലം പറഞ്ഞതിന് ശേഷം ചോദിച്ചു, “നിങ്ങൾ റുഷ്ദിക്കെതിരെയുള്ള ഖുമൈനിയുടെ വിധിയെ പിന്തുണക്കുന്നുണ്ടോ?” ഞാൻ യോജിക്കുന്നില്ലെങ്കിലും ആ പുസ്തകത്തിലെ ഉള്ളടക്കവും പ്രവാചകനായ മുഹമ്മദിനോടുള്ള അനാദരവും കണ്ടാൽ ഏതൊരാൾക്കും വല്ലാത്ത അമർഷമുണ്ടാവുമെന്ന് ഞാൻ മറുപടി പറഞ്ഞു. അങ്ങനെ വധശിക്ഷ വിധിക്കാൻ ഇസ്‌ലാമിൽ ആർക്കും അധികാരമില്ലെന്ന് പറഞ്ഞ കടുത്ത ഖുമൈനി വിരുദ്ധനായ അദ്ദേഹം പുസ്തകത്തിൽ എന്താണെഴുതിയിട്ടുള്ളതെന്ന് എന്നോടു ചോദിച്ചു. വിമർശനങ്ങളുമായി നടക്കുന്ന മറ്റു പലരെയും പോലെ അദ്ദേഹവും പുസ്തകം വായിച്ചിട്ടുണ്ടായിരുന്നില്ല. കഅ്ബാലയം ഒരു വേശ്യാകേന്ദ്രമാണെന്നും സുന്ദരികളായ വേശ്യകളാണതിനുള്ളിലുള്ളതെന്നും അതിൽ ഏറ്റവും സുന്ദരിയായ വേശ്യയുടെ പേർ ആഇശ എന്നാണെന്നും മറ്റു വേശ്യകൾക്കും

പ്രവാചകപത്നിമാരുടെ പേരുകളാണുള്ളതെന്നും ഞാൻ പറഞ്ഞു. ഇതുപോലെ മുസ്ലിംകളുടെ മതവികാരത്തെ കഠിനമായി വ്രണപ്പെടുത്തുന്ന കാര്യങ്ങളാണ് പുസ്തകത്തിലുടനീളമുള്ളതെന്നും കൂടി ഞാൻ പറഞ്ഞു. “അയാൾ അങ്ങനെ എഴുതിയോ? എങ്കിൽ അയാളെ ഉടൻ കൊല്ലണം” എന്നായിരുന്നു പെട്ടെന്നുള്ള അദ്ദേഹത്തിന്റെ പ്രതികരണം.

“നിന്നെ സൃഷ്ടിച്ച നിന്റെ നാഥന്റെ നാമത്തിൽ വായിക്കുക” എന്ന വാക്യത്തോടെ മതശാസനകൾ പഠിപ്പിച്ച ഇസ്ലാം പുസ്തകമെഴുതിയവനെ കൊല്ലുന്നത് അംഗീകരിക്കില്ല. മാത്രവുമല്ല, പുസ്തകത്തെ പുസ്തകം കൊണ്ട് നേരിട്ട ഒരു പാരമ്പര്യമുള്ള മതവുമാണിസ്ലാം. ഇമാം ഗസ്സാലിയും ഇബ്നു റുഷ്ദും തമ്മിൽ പുസ്തകങ്ങളിലൂടെ നടത്തിയ യുദ്ധങ്ങൾ ഇതിനുദാഹരണം. ഗസ്സാലി *തഹാഫുതുൽ ഫലാസിഫ* (ദാർശനികരുടെ പൊരുത്തമില്ലായ്മ) എന്ന പേരിൽ ഒരു ഗ്രന്ഥം രചിച്ചപ്പോൾ, ദാർശനികരുടെ ഗുരുവായി അറിയപ്പെടുന്ന ഇബ്നു റുഷ്ദ് *തഹാഫുതുത്തഹാഫുത്* (പൊരുത്തമില്ലായ്മയുടെ പൊരുത്തമില്ലായ്മ) എന്ന ഗ്രന്ഥം രചിച്ച് അതിന് മറുപടി നൽകി (Philip K. Hitti, History of the Arabs, The Macmillan Press Limited, London, 1977, Page 583). പുസ്തകങ്ങളിലൂടെയുള്ള ഈ ആശയയുദ്ധം കുറേക്കാലം നിലനിന്നിരുന്നു. ഇത് പതിനൊന്നാം നൂറ്റാണ്ടിലാണെന്നോർക്കണം. എന്നാൽ പടിഞ്ഞാറ് അതല്ല സ്ഥിതി. “വോൾട്ടയറും റൂസ്സോയും കൂടി ഫ്രാൻസിനെ നശിപ്പിച്ചു” എന്നാണ് ലൂയി പതിനാറാമൻ പറഞ്ഞത്. “എഴുതാനുപയോഗിക്കുന്ന ഉപകരണങ്ങൾ നിയന്ത്രിക്കാൻ ബൂർബൺസിന് കഴിഞ്ഞിരുന്നുവെങ്കിൽ അവർക്ക് അവരുടെ ഭരണം നിലനിർത്താൻ കഴിയുമായിരുന്നു. പീരങ്കിയുടെ കണ്ടുപിടുത്തത്തോടെ ഫ്യൂഡൽ വ്യവസ്ഥ തകർന്നു. മഷി ആധുനിക സാമൂഹികഘടനയെ തകർക്കും'' എന്ന് നെപ്പോളിയനും പറഞ്ഞതായി ബേർട്ടോട്ടി(Bertaut)നെ ഉദ്ധരിച്ച് വിൽ ഡ്യൂറന്റ് എഴുതുന്നു (The Story of Philosophy, Page 202).

പുസ്തക നിരോധനം ഇന്ത്യയിലും നടന്നിട്ടുണ്ട്. ബി.ജെ.പി നേതാവ് ജസ്വന്ത് സിംഗിന്റെ ജിന്നയെക്കുറിച്ചുള്ള പുസ്തകം ഗുജറാത്തിൽ നിരോധിച്ചതാണ് പുതിയ ഉദാഹരണം. ഗുജറാത്ത് ഹൈക്കോടതി പിന്നീട് ആ നിരോധനം നീക്കുകയുണ്ടായി. ‘വായിക്കുക’ എന്ന വാക്യം കൊണ്ടാരംഭിക്കുകയും ‘വിജ്ഞാനം സത്യവിശ്വാസിയുടെ കളഞ്ഞു പോയ സമ്പത്താണ്, അതെവിടെ കണ്ടാലും വീണ്ടെടുക്കുക’ എന്ന്




● ഗില്ലറ്റിൻ

ROBESPIERRE, guillotinant le bourreau après avoir fait guillot' tous les Francais

**ആസ്ത്രേലിയയിൽ കൈയേറ്റക്കാരായി വന്ന വെള്ളക്കാർ അവരുടെ കുട്ടികളെയടക്കം വെടിവെപ്പ് പരിശീലിപ്പിക്കാൻ ആദിവാസികളെയാണ് ഉന്നം വെച്ചിരുന്നത്. സ്ത്രീകളും കുട്ടികളുമടക്കം നിരനിരയായി പോകുമ്പോഴായിരുന്നു പലപ്പോഴും ഇവർ വെടിവെപ്പ് പരിശീലനം നടത്തിയിരുന്നത്. മുസ്ലിംകളുടെ ചരിത്രത്തിലെ വിടെയും ഇങ്ങനെയൊരു ക്രൂരത കാണാനാവില്ല.**

പഠിപ്പിക്കുകയും ചെയ്യുന്ന ഇസ്ലാം ഒരിക്കലും പുസ്തകനശീകരണത്തെ അംഗീകരിച്ചിട്ടില്ലെന്ന് വേണം മനസ്സിലാക്കാൻ. ഖലീഫാ ഉമർ അലക്സാണ്ട്രിയ ലൈബ്രറി ചുട്ടുകരിക്കാൻ കൽപന കൊടുത്തു എന്നാരോപിച്ച് മുസ്ലിംകൾ പുസ്തകവിരോധികളാണ് എന്ന് പ്രചരിപ്പിക്കാൻ ഒരു കാലഘട്ടത്തിൽ ചിലർ ശ്രമിച്ചിരുന്നു. ഈ ആരോപണം ഫിലിപ് ഹിറ്റി തന്നെ ഖണ്ഡിച്ചിട്ടുണ്ട്. “അലക്സാണ്ട്രിയയിലുണ്ടായിരുന്ന മഹത്തായ ടോളമിക്ക് ഗ്രന്ഥാലയം ക്രിസ്തുവിന് മുമ്പ് '48-ൽ ജൂലിയസ് സീസർ അഗ്നിക്കിരയാക്കിയിരുന്നു. ഡോട്ടർ ലൈബ്രറി എന്ന പേരിൽ പിന്നീടുണ്ടായ അതിന്റെ മറ്റൊന്ന് ക്രിസ്തുവർഷം 389ൽ തിയോഡോഷ്യസ് ചക്രവർത്തിയുടെ കൽപന പ്രകാരം നശിപ്പിക്കപ്പെടുകയുണ്ടായി. അറബികളുടെ ആഗമന കാലത്ത് അലക്സാണ്ട്രിയയിൽ പ്രധാനപ്പെട്ട ഒരു ഗ്രന്ഥാലയവും ഉണ്ടായിരുന്നില്ല. ഉമറിന്റെ സമകാലികരായിരുന്ന ഒരു ചരിത്രകാരനും ഇങ്ങനെയൊരു ആരോപണം ഉന്നയിച്ചിരുന്നില്ല” (Philip K. Hitti, History of the Arabs, Page 166). എന്നാൽ കത്തോലിക്കരായ ക്രൈസ്തവ സൈന്യം ഫർഡിനന്റിന്റെയും ഇസബെല്ലയുടെയും നേതൃത്വത്തിൽ സ്പെയിൻ കീഴടക്കിയപ്പോൾ അന്നത്തെ കർദിനാളായിരുന്ന സിമാനസ് ദ് സിസ്നറോസ് (Cardinal Ximenez de Cisneros) ആദ്യമായി ചെയ്തത് അവിടെ പ്രചാരത്തിലുണ്ടായിരുന്ന ഇസ്ലാമിനെക്കുറിച്ച് നേരിയ ഒരു പരാമർശമെങ്കിലുമുള്ള മുഴുവൻ അറബി പുസ്തകങ്ങളും അഗ്നിക്കിരയാക്കുകയായിരുന്നു. ഇതിന്റെ ഫലമായി, ഗ്രാനഡയിലുണ്ടായിരുന്ന അപൂർവമായ അസംഖ്യം കൈയെഴുത്തുപ്രതികൾ ക്രൈസ്തവസംഘത്തിന്റെ വിജയസൂചകമായി അന്നവിടെയുണ്ടായിരുന്ന തുറസ്സായ സ്ഥലങ്ങളിൽ ചപ്പ്ചവറുകൾ പോലെ ആളിക്കത്തി (Philip K. Hitti, History of the Arabs, Tenth Edition, The Macmillan Press Ltd., London, 1977, Page 555). ഇതര ആശയങ്ങളോട് അത്രമേൽ അസഹിഷ്ണുതയായിരുന്നു അവർക്ക്. “എല്ലാം കേൾക്കുകയും അവയിൽ ഉത്തമമായതിനെ പിന്തുടരുകയും ചെയ്യുന്ന എന്റെ ദാസന്മാർക്ക് സന്തോഷവാർത്ത അറിയിക്കുക” എന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്.

അസഹിഷ്ണുത ലോകത്തിന്റെ പല ഭാഗങ്ങളിലും നിലനിന്നിട്ടുണ്ട്; ഇപ്പോഴും നിലനിൽക്കുന്നുമുണ്ട്. അമേരിക്കയിലും ആസ്ത്രേലിയയിലും തദ്ദേശവാസികളെ കൊന്നൊടുക്കി അവരുടെ ഭൂമി കൈവശപ്പെടുത്തിയവരുടെ

മനോഭാവം സഹകരണത്തിന്റേതായിരുന്നില്ല; ശാത്രവത്തിന്റെയും കൈയടക്കലിന്റെതുമായിരുന്നു. പലതവണ വൈദേശികാക്രമണമുണ്ടായ രാജ്യമാണ് ഇന്ത്യ. കടന്നാക്രമിച്ചവരാരും ഇന്ത്യക്കാരെ മുഴുവൻ കൊന്നൊടുക്കിയിട്ടില്ല. ചിലർക്ക് ലക്ഷ്യം കൊള്ളയായിരുന്നു. മറ്റു ചിലർ അവരുടെ സാംസ്കാരിക പൈതൃകങ്ങളെ ഇന്ത്യയുമായി പങ്കു വെച്ച് ഈ രാജ്യത്തെ പുഷ്ടിപ്പെടുത്തി. ഈ അവസരം അമേരിക്കയിലെയും ആസ്ത്രേലിയയിലെയും ആദിമനിവാസികൾക്ക് ലഭിച്ചിരുന്നില്ല. കടന്നാക്രമണം നടത്തിയവർക്ക് സഹിഷ്ണുതയോ വിശാലമനസ്കതയോ ഇല്ലാത്തതായിരുന്നു കാരണം. അവർ സ്ത്രീകളും കുട്ടികളുമടക്കമുള്ള തദ്ദേശവാസികളെ കൊന്നൊടുക്കുന്നതിൽ ഒരുതരം ആനന്ദം കണ്ടെത്തുകയായിരുന്നു. ആസ്ത്രേലിയയിൽ കൈയേറ്റക്കാരായി വന്ന വെള്ളക്കാർ അവരുടെ കുട്ടികളെയടക്കം വെടിവെപ്പ് പരിശീലിപ്പിക്കാൻ ആദിവാസികളെയാണ് ഉന്നം വെച്ചിരുന്നത്. സ്ത്രീകളും കുട്ടികളുമടക്കം നിരനിരയായി പോകുമ്പോഴായിരുന്നു പലപ്പോഴും ഇവർ വെടിവെപ്പ് പരിശീലനം നടത്തിയിരുന്നത്. മുസ്‌ലിംകളുടെ ചരിത്രത്തിലെവിടെയും ഇങ്ങനെയൊരു ക്രൂരത കാണാനാവില്ല.

അസഹിഷ്ണുതയിൽ വളരെ മുമ്പിൽ നിൽക്കുന്ന ഭൂപ്രദേശമാണ് യൂറോപ്പ്. സാമൂഹികവും രാഷ്ട്രീയവും മതപരവുമായ അസഹിഷ്ണുതയുടെ ചരിത്രമേ യൂറോപ്പ് രചിച്ചിട്ടുള്ളൂ. മുസ്‌ലിംകൾക്കെതിരെ പാശ്ചാത്യ ക്രൈസ്തവർ നടത്തിയ നൂറ്റാണ്ടുകൾ നീണ്ട കുരിശുയുദ്ധങ്ങൾ, മതവിരുദ്ധരെന്ന് മുദ്രകുത്തി പ്രൊട്ടസ്റ്റന്റുകാർക്കെതിരെ കത്തോലിക്കർ നടത്തിയ *ഇൻക്വിസിഷൻ* എന്ന പേരിലറിയപ്പെടുന്ന കൂട്ടക്കൊലകൾ, ജൂതന്മാർക്കെതിരെ നടന്ന വംശഹത്യകൾ എന്നിവയെല്ലാം യൂറോപ്പിന്റേതാണ്. മനുഷ്യചരിത്രത്തിലെ അസാധാരണമായ കൂട്ടക്കൊലകളിലൊന്നായാണ് ഫ്രഞ്ച് വിപ്ലവം വിശേഷിപ്പിക്കപ്പെടുന്നത്. വ്യാപകമായ കൃഷിനാശത്തിന്റെ ഫലമായി ഫ്രാൻസിലുടനീളം ഭക്ഷ്യക്ഷാമം ഉണ്ടായതിനെത്തുടർന്ന് 1789 ജൂലൈ പതിനാലിന് കർഷകരടക്കമുള്ള സാധാരണ ജനങ്ങൾ ബാസ്റ്റിലിന്ന് കല്ലെറിഞ്ഞത് മുതൽ തുടങ്ങിയ ഫ്രഞ്ച് വിപ്ലവം മഹോന്നതമായ മനുഷ്യപ്രതീക്ഷകളെ പൂവണിയിക്കാതെ, നീണ്ടുനിന്ന കൂട്ടക്കൊലകളിലൂടെ അവസാനിച്ചു. ഇപ്പോൾ പാശ്ചാത്യ സമൂഹങ്ങൾ സംസ്കൃത സമൂഹങ്ങളായി മാറിയിരിക്കുന്നു എന്നു വിശ്വസിക്കുന്നവർക്കും തെറ്റി. രണ്ടാം ലോകയുദ്ധം കഴിഞ്ഞ് അര നൂറ്റാണ്ടിനു ശേഷമാണ് യൂറോപ്പിന്റെ മധ്യത്തിൽ സ്ഥിതി ചെയ്യുന്ന യുഗോസ്ലാവിയയിലെ രണ്ടര ലക്ഷത്തിലേറെ മുസ്‌ലിംകൾ കൂട്ടക്കശാപ്പ് ചെയ്യപ്പെട്ടതും പത്ത് ലക്ഷത്തിലേറെ മുസ്‌ലിംകൾ സ്വന്തം വീടുകളിൽ നിന്ന് ആട്ടിയോടിക്കപ്പെട്ടതും.

**ഇപ്പോൾ പാശ്ചാത്യ സമൂഹങ്ങൾ സംസ്കൃത സമൂഹങ്ങളായി മാറിയിരിക്കുന്നു എന്നു വിശ്വസിക്കുന്നവർക്കും തെറ്റി. രണ്ടാം ലോകയുദ്ധം കഴിഞ്ഞ് അര നൂറ്റാണ്ടിനു ശേഷമാണ് യൂറോപ്പിന്റെ മധ്യത്തിൽ സ്ഥിതി ചെയ്യുന്ന യുഗോസ്ലാവിയയിലെ രണ്ടര ലക്ഷത്തിലേറെ മുസ്‌ലിംകൾ കൂട്ടക്കശാപ്പ് ചെയ്യപ്പെട്ടതും പത്ത് ലക്ഷത്തിലേറെ മുസ്‌ലിംകൾ സ്വന്തം വീടുകളിൽ നിന്ന് ആട്ടിയോടിക്കപ്പെട്ടതും.**

● *കരൻ ആംസ്ട്രോങ്*




വിശ്വസിക്കാനാവാത്ത പലതും നടന്ന രാജ്യമാണ് ഫ്രാൻസ്. ലോകപ്രശസ്ത ചിന്തകനായിരുന്ന വോൾട്ടയറെ തുറുങ്കിലടക്കുകയും പിന്നീട് നാട് കടത്തുകയും ചെയ്ത നാടാണത്. ഓക്സിജൻ കണ്ടുപിടിച്ച ലാവോയിസിയർ (Lavoisier) എന്ന രസതന്ത്രജ്ഞനെ രാജ്യദ്രോഹി എന്ന് മുദ്രകുത്തി വിപ്ലവാനന്തരം പ്രഭുക്കളും സാധാരണക്കാരുമടങ്ങുന്ന രണ്ടായിരത്തി അറുനൂറ് പേരോടൊപ്പം കൊന്നു കളഞ്ഞ രാജ്യമാണ് ഫ്രാൻസ്. അന്ന് അതിന് നേതൃത്വം നൽകിയത് വിപ്ലവാനന്തരം അധികാരം കൈയടക്കിയ, മനുഷ്യാവകാശങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നവനെന്ന് സ്വയം വിശേഷിപ്പിച്ച, തീവ്ര ഇടതുപക്ഷക്കാരനായിരുന്ന മാക്സ്മില്യൻ റോബ്സ്പിയർ ആയിരുന്നു. വിപ്ലവത്തിന്റെ പേരിൽ അരങ്ങേറിയ ക്രൂരതകൾക്ക്സഹിഷ്ണുത വഴിമാറിക്കൊടുക്കേണ്ട സ്ഥിതി വന്നു അവിടെ. എല്ലാ അധികാരങ്ങളും ജനങ്ങൾക്ക് എന്ന സ്വപ്നവുമായി തുടങ്ങിയ വിപ്ലവം വഴിതെറ്റി എല്ലാ അധികാരങ്ങളും റോബ്സ്പിയർക്ക് എന്ന നിലയിലെത്തി. അധികാരം ഉറപ്പിക്കാൻ 'വഞ്ചകരെ'യും 'വഞ്ചകർ' എന്ന് സംശയിക്കുന്നവരെയും ഉന്മൂലനം ചെയ്യുകയായിരുന്നു റോബ്സ്പിയറുടെ രീതി. രസതന്ത്രജ്ഞനായ ലാവോയിസിയർക്ക് മാത്രമല്ല, റോപ്സ്പിയറുടെ ആത്മസുഹൃത്ത് ഡാന്റണിന് പോലും അന്ന് ജീവൻ നഷ്ടപ്പെട്ടു. കൂട്ടക്കൊലക്കിരയായ ആയിരക്കണക്കിനാളുകളിൽ കുട്ടികളും സ്ത്രീകളും ധാരാളമുണ്ടായിരുന്നു. ഗില്ലറ്റിൻ ഉപയോഗിച്ചും വെടിവെച്ചും വലിയ മരത്തടികൾ കൊണ്ട് തലക്കടിച്ചും ആളുകളെ കൊന്നൊടുക്കി. പലരെയും വെള്ളത്തിൽ മുക്കിക്കൊന്നു. പിഞ്ചുകുട്ടികളെ ഗില്ലറ്റിനുപയോഗിച്ച് കൊല്ലാനാവാത്തതു കൊണ്ട് തല രണ്ടായി പകുത്ത് കൊല്ലുന്നത് കണ്ട് ഹൃദയം പൊട്ടി മരിച്ച ഒരു ആരാച്ചാരെക്കുറിച്ച് കോളിൻ വിൽസൻ *എ ക്രിമിനൽ ഹിസ്റ്ററി ഓഫ് മാൻകൈന്റ്* (A Criminal History of Mankind by Colin Wilson, Carrol and Graf Publishers Inc., New York, 1990, Page 434) എന്ന പുസ്തകത്തിൽ പരാമർശിക്കുന്നുണ്ട്. ഈ ക്രൂരതകൾക്ക് നേതൃത്വം നൽകിയ റോബ്സ്പിയറും ഒടുവിൽ ഗില്ലറ്റിന്നിരയാവുകയായിരുന്നു. 'സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം' എന്ന മഹത്തായ മുദ്രാവാക്യം കണ്ടുപിടിച്ചത് ഇതേ റോബ്സ്പിയറായിരുന്നു എന്നതാണ് ഇതിലെ വിധിവൈപരീത്യം.

ലൂയി പതിനാലാമന്റെ കാലത്ത് മനുഷ്യസ്നേഹിയായ ജോസഫ് ഗില്ലറ്റിൻ എന്ന് പേരായ ഒരു ഡോക്ടറാണ് എളുപ്പത്തിൽ വധശിക്ഷ നടപ്പാക്കാനാവുന്ന ഒരു യന്ത്രം കണ്ടുപിടിച്ചത്. ഈ തലവെട്ടുയന്ത്രത്തിന്റെ ഏറ്റവും അടിയിലത്തെ മുറിക്കുന്ന ഭാഗം വളഞ്ഞ

രീതിയിലായിരുന്നു ഡോ. ഗില്ലറ്റിൻ രൂപകൽപന ചെയ്തിരുന്നത്. ലൂയി പതിനാറാമൻ തന്റെ കൊട്ടാരം വൈദ്യനായിരുന്ന ഡോ. ആന്റോയിൻ ലൂയിയോട് ഇതിനെക്കുറിച്ച് പഠിക്കാൻ ആവശ്യപ്പെട്ടു. രണ്ട് ഡോക്ടർമാരും കൊട്ടാരത്തിൽ വെച്ച് ഇത് പഠിച്ചുകൊണ്ടിരിക്കെ അവിടെ കയറി വന്ന ലൂയി പതിനാറാമൻ രാജാവാണ് ഗില്ലറ്റിൻ എന്ന് പേരിട്ട തലവെട്ട് യന്ത്രത്തിന് താഴെ നിന്ന് മുകളിലേക്ക് ചെരിവുള്ള രൂപം കൊടുത്തത്. രണ്ട് വർഷങ്ങൾക്ക് ശേഷം ഇതേ യന്ത്രത്തിൽ രാജാവിന് തല നഷ്ടപ്പെട്ടു.

ഇപ്പോൾ യൂറോപ്പിൽ അനാരോഗ്യകരമായ മുസ്‌ലിം വിരോധം വളർന്നു വരുന്നുണ്ടെന്ന് എല്ലാവർക്കുമറിയാം. ഇപ്പോഴത്തെ ഫ്രഞ്ച് പ്രസിഡന്റ് പൊതുസ്ഥലത്ത് പർദ ധരിക്കുന്നത് നിരോധിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. മുസ്‌ലിംകൾ യൂറോപ്പിനെ കീഴടക്കുകയാണെന്നും അത് തടയാൻ എന്തെങ്കിലും ചെയ്യണമെന്നും ആഹ്വാനം ചെയ്യുന്ന എഴുത്തുകാരും കോളമിസ്റ്റുകളും ധാരാളം. യൂറോപ്പിൽ ഇപ്പോഴുള്ള അമ്പത്തിമൂന്ന് ദശലക്ഷം മുസ്‌ലിംകൾ ജനസംഖ്യാപരമായ ടൈംബോംബുകളാണെന്നും അടിയന്തരമായി എന്തെങ്കിലും ചെയ്തില്ലെങ്കിൽ യൂറോപ്യൻ ഭൂഖണ്ഡത്തിന്റെ പേർ യൂറേബ്യ എന്നാകുമെന്നെല്ലാമാണ് ഇവരെല്ലാം എഴുതിപ്പിടിപ്പിച്ചിരിക്കുന്നത്. ചിലത് വായിച്ചാൽ വംശനശീകരണത്തിന്നുള്ള ആഹ്വാനമായി തോന്നിപ്പോകും. "നിങ്ങൾക്ക് നിങ്ങളുടെ ശത്രുവിന്റെ ജനസംഖ്യയെ കവച്ചു വെക്കാനാവുന്നില്ലെങ്കിൽ, അവരെ നീക്കം ചെയ്യുക" എന്നാണ് കനേഡിയൻ കമന്റേറ്ററായ മാർക്ക് സ്റ്റെയ്ൻ തന്റെ പുസ്തകത്തിലെഴുതിയിട്ടുള്ളത് (Mark Steyn, America Alone: The End of the World as We Know It, quoted by Hasan Suroor, The Hindu, August 29, 2009). (നീക്കം ചെയ്യുക എന്നതിന് cull എന്നാണദ്ദേഹം ഉപയോഗിച്ച പദം. പക്ഷിപ്പനി ബാധിച്ചപ്പോൾ കോഴികളെ കൂട്ടമായി കൊല്ലാനുപയോഗിച്ച പദവും അതു തന്നെയായിരുന്നു. അയോഗ്യമെന്ന് കണ്ട് പറ്റത്തിൽ നിന്ന് നീക്കം ചെയ്യുന്നതിന്നാണ് ആ പദം ഉപയോഗിക്കുന്നത്). ഇതെഴുതുന്നതിന്ന് ഏതാനും ദിവസങ്ങൾക്ക് മുമ്പാണ് പൊതുവിൽ മിതവാദിയായി അറിയപ്പെടുന്ന, *ടൈം* വാരിക ലോകത്തിലെ ഏറ്റവും പ്രശസ്തരായ നൂറ് ചിന്തകരിൽ ഒരാളായി വിശേഷിപ്പിച്ച ഓക്സ്ഫോർഡ് സർവകലാശാലയിൽ പ്രഫസറായ താരീഖ് റമദാനെ ഡച്ച് ഭരണകൂടം നതർലാന്റ്സിലെ രണ്ട് തസ്തികകളിൽ നിന്ന് നീക്കം ചെയ്തത്. ലണ്ടൻ ആസ്ഥാനമായുള്ള ഇറാനിയൻ ടെലിവിഷനിൽ പ്രത്യക്ഷപ്പെട്ടതിന്നായിരുന്നു ആ 'ശിക്ഷ.'



● *വോൾട്ടയർ*

**ഇലകളിൽ ചെളിയും തണ്ടിൽ മുള്ളുകളുമുണ്ടെങ്കിൽപോലും നാമെപ്പോഴും കാണുന്നതും ആസ്വദിക്കുന്നതും റോസാപൂവിനെയാണ്. തണ്ടിലുള്ള മുള്ളുകളെ ഓർത്ത് നാം പനിനീർപൂവിനെ ഒഴിവാക്കുന്നില്ല. എല്ലാറ്റിലും കാണും ഇങ്ങനെ നമുക്ക് സ്വീകരിക്കാവുന്ന ഭാഗവും സ്വീകരിക്കാനാവാത്ത ഭാഗവും. സ്വീകരിക്കാനാവുന്നത് സ്വീകരിക്കുകയാണ് സ്വാസ്ഥ്യത്തിലേക്കുള്ള മാർഗം.**

നന്മയും തിന്മയും മനുഷ്യപ്രകൃതിയിൽ നിലീനമായ കാര്യങ്ങളാണ്. നന്മയുടെ അംശങ്ങളെ പരിപോഷിപ്പിക്കുകയും തിന്മയുടെ അംശങ്ങളെ അടക്കിനിർത്തുകയും ചെയ്യുമ്പോഴാണ് മനുഷ്യൻ സംസ്കൃതചിത്തനാവുന്നത്. സഹിഷ്ണുതയില്ലായ്മ സംസ്കാരശൂന്യതയാണ്. തിന്മയുടെ ഭാഗമാണത്. നാം ജീവിക്കുന്ന സമൂഹത്തിൽ എല്ലായ്പോഴും നന്മയുടെ അംശങ്ങളും തിന്മയുടെ അംശങ്ങളുമുണ്ടാവും. ഇലകളിൽ ചെളിയും തണ്ടിൽ മുള്ളുകളുമുണ്ടെങ്കിൽപോലും നാമെപ്പോഴും കാണുന്നതും ആസ്വദിക്കുന്നതും റോസാപൂവിനെയാണ്. തണ്ടിലുള്ള മുള്ളുകളെ ഓർത്ത് നാം പനിനീർപൂവിനെ ഒഴിവാക്കുന്നില്ല. എല്ലാറ്റിലും കാണും ഇങ്ങനെ നമുക്ക് സ്വീകരിക്കാവുന്ന ഭാഗവും സ്വീകരിക്കാനാവാത്ത ഭാഗവും. സ്വീകരിക്കാനാവുന്നത് സ്വീകരിക്കുകയാണ് സ്വാസ്ഥ്യത്തിലേക്കുള്ള മാർഗം. നന്മയുടെ അംശങ്ങളെ പരിപോഷിപ്പിക്കാനാവുമ്പോഴാണ് ഒരു സമൂഹം ആരോഗ്യമുള്ള സമൂഹമാവുന്നത്. അവിടെ പരസ്പരസ്നേഹവും ഗുണകാംക്ഷയുമെല്ലാം കളിയാടും. "നന്മയും തിന്മയും തുല്യമാവുകയില്ല. ഏറ്റവും ഉൽകൃഷ്ടമായ നന്മ കൊണ്ട് തിന്മയെ പ്രതിരോധിക്കുക. അപ്പോൾ നിങ്ങളോട് വൈരത്തിൽ വർത്തിക്കുന്നവൻ ഒരു ആത്മമിത്രമായി മാറുന്നത് കാണാനാവും" (ഖുർആൻ 41:34)

മനുഷ്യപ്രകൃതിയിലെ ഈ സ്വഭാവവിശേഷങ്ങൾ കാണാനാവുകയും അതിനനുസരിച്ച് ജീവിതം കെട്ടിപ്പടുക്കുകയും ചെയ്യാനാണ് ശ്രമിക്കേണ്ടത്. മറ്റുള്ളവർ അസഹിഷ്ണുത പുലർത്തുമ്പോഴും ശത്രുത പുലർത്തുമ്പോഴും സ്വന്തം നിസ്സഹായതയുടെ പേരിൽ അതോർത്ത് വിലപിക്കുകയല്ല വേണ്ടത്. മൂല്യങ്ങൾ പുലർത്തുന്നതിൽ നാം അവരേക്കാൾ ഒരു മുഴമെങ്കിലും മുമ്പിൽ നിൽക്കുമ്പോൾ സംസ്കാരത്തിന്റെ കാര്യത്തിൽ ഒരുപടി മുമ്പിൽ നിന്നതിന്റെ ചാരിതാർഥ്യമുണ്ടാവും. ജന്മമല്ല, നന്മയാണ് മനുഷ്യനെ മഹാനാക്കുന്നത്. ധൈര്യവും മാന്യതയും മര്യാദയും സമഞ്ജസമായി സമ്മേളിച്ചു കൊണ്ടുള്ള ശൗര്യഗുണത്തെക്കുറിച്ച് നാം ചരിത്രത്തിൽ വായിച്ചതിൽ ഏറ്റവും ഉദാത്തമായവയിൽ പെട്ടവയാണ് കുരിശുയുദ്ധവേളയിൽ തന്റെ ശത്രുപക്ഷത്തിന്റെ സൈന്യാധിപനായ റിച്ചാർഡിനോട് മുസ്‌ലിം പക്ഷത്തിന്റെ നായകനായ സലാഹുദ്ദീൻ അയ്യൂബി കാണിച്ച മാന്യത.

മുസ്‌ലിംകളുടെ കൈയിൽ നിന്ന് ജറൂസലം മോചിപ്പിക്കാനായി പോപ്പ് അർബൻ രണ്ടാമൻ 1095 നവംബർ 25-ന് ആഹ്വാനം ചെയ്ത കുരിശുയുദ്ധത്തിൽ പിൽക്കാലത്ത് ക്രൈസ്തവ സൈന്യത്തിന്റെ മേധാവിയായി വന്ന റിച്ചാർഡിന് കുരിശുയുദ്ധം നടന്നുകൊണ്ടിരിക്കെ അസുഖം ബാധിച്ചപ്പോൾ സ്വന്തം ഭിഷഗ്വരന്മാരെ സലാഹുദ്ദീൻ അയ്യൂബി അദ്ദേഹത്തെ ചികിൽസിക്കാൻ അയച്ചു കൊടുക്കുകയുണ്ടായി. ഒപ്പം സമ്മാനമായി കുറേ പഴങ്ങളും ശീതളപാനീയമുണ്ടാക്കാൻ ഐസ്കട്ടകളും കൂടി കൊടുത്തയച്ചു. (Karen Armstrong, Holy

War, Anchor Books, New York, 2001, Page 270). മറ്റൊരിക്കൽ യുദ്ധത്തിനിടെ റിച്ചാർഡിന്റെ കുതിര വീഴുന്നതു കണ്ട സലാഹുദ്ദീൻ അയ്യൂബി ഇംഗ്ലണ്ടിന്റെ ധീരനായ രാജാവിന് വേണ്ടി തന്റെ സ്വന്തം കുതിരക്കാരനെ രണ്ട് പുതിയ കുതിരകളുമായി അയച്ചുകൊടുക്കുകയുമുണ്ടായി (അതേ പുസ്തകം, പേജ് 271). ആശയപരമായോ അല്ലാതെയോ യുദ്ധത്തിലേർപ്പെടുമ്പോഴും ഇത്തരം മൂല്യങ്ങൾ ഉയർത്തിപിടിക്കാനാവുമെന്നാണ് സലാഹുദ്ദീൻ അയ്യൂബി കാണിച്ചു തന്നത്. മറ്റൊരിക്കൽ റിച്ചാർഡ് വേഷം മാറി സലാഹുദ്ദീന്റെ കൂടെ ഭക്ഷണം കഴിക്കാൻ വന്ന സംഭവവുമുണ്ട്. ഭക്ഷണം കഴിച്ചുകൊണ്ടിരിക്കെ, താങ്കൾ ഇംഗ്ലണ്ടിലെ രാജാവ് റിച്ചാർഡിനെക്കുറിച്ച് എന്ത് കരുതുന്നു എന്ന് റിച്ചാർഡ് ചോദിച്ചപ്പോൾ സലാഹുദ്ദീൻ പറഞ്ഞു: "വീരഭടന്റെ ശൗര്യമുണ്ടെങ്കിലും യുദ്ധരംഗത്ത് അമിതമായ തിടുക്കം കാണിച്ച് അതദ്ദേഹം നശിപ്പിച്ചു കളയുന്നു." ശൗര്യഗുണത്തിൽ റിച്ചാർഡിനേക്കാൾ സലാഹുദ്ദീനായിരുന്നു മുമ്പിലെന്ന് ഈ സംഭവം കാണിച്ചു തരുന്നു. മസ്ജിദുൽ അഖ്സയുടെ മുമ്പിൽ ചെന്ന് കണ്ണുനീരൊഴുക്കി പ്രാർഥിച്ച ശേഷം രണാങ്കണത്തിലിറങ്ങിയിരുന്ന സലാഹുദ്ദീൻ അയ്യൂബിയെ ചരിത്രം ഇന്നും ഓർക്കുന്നത് ഇത്തരം മഹത്തായ ഗുണങ്ങൾകൊണ്ടാണ്.

സ്വന്തം സമൂഹത്തിൽ, മതത്തിൽ, ഒരേ സംഘടനയിൽ കഴിയുന്നവർക്കു പോലും സഹിഷ്ണുതയോടെ വർത്തിക്കാൻ കഴിയാത്ത അനാരോഗ്യകരമായ ഒരു ചുറ്റുപാട് ഇന്നുണ്ടെന്നോർക്കണം. ശത്രുവിനോടു പോലും മാന്യമായി പെരുമാറിയ സലാഹുദ്ദീൻ അയ്യൂബിയുടെ മാതൃക അവർക്കൊരു പാഠമാകട്ടെ. മറ്റുള്ളവർ എങ്ങനെ ജീവിക്കുന്നു എന്നതിനേക്കാളേറെ ഞാൻ മറ്റുള്ളവരുടെ മുമ്പിൽ എന്ത് ജീവിതം കാഴ്ചവെക്കുന്നു എന്ന് പരിശോധിക്കുന്നത് എപ്പോഴും നല്ലതാണ്. അപ്പോഴാണ് അസഹിഷ്ണുതയോടെ ജീവിച്ചവർ, അവർ എവിടെയുള്ളവരായാലും, അൽപന്മാരാണെന്ന് നാം കണ്ടെത്തുന്നത്; നാം ഏത് തലത്തിൽ നിൽക്കുന്നുവെന്നും.

ഇസ്‌ലാമിക ചരിത്രത്തിൽ സുവർണ അധ്യായങ്ങളായി അറിയപ്പെടുന്ന ചരിത്രകാലഘട്ടങ്ങളിൽ മുസ്‌ലിംകൾ തങ്ങൾ ജീവിച്ച സമൂഹത്തിന് വേണ്ടി എന്തെല്ലാം ചെയ്തിരുന്നു എന്നു കൂടി പരിശോധിക്കേണ്ടതുണ്ട്. ഇതരസമൂഹങ്ങളുടെ സ്നേഹബഹുമാനങ്ങൾ പിടിച്ചുപറ്റുന്നതിൽ അതെത്രത്തോളം പങ്കു വഹിച്ചിട്ടുണ്ട് എന്നതും പരിശോധനാവിധേയമാക്കേണ്ടതാണ്.

kcsaleem@journalist.com



● *മാർക് സ്റ്റെയിൻ*

**മറ്റുള്ളവർ എങ്ങനെ ജീവിക്കുന്നു എന്നതിനേക്കാളേറെ ഞാൻ മറ്റുള്ളവരുടെ മുമ്പിൽ എന്ത് ജീവിതം കാഴ്ചവെക്കുന്നു എന്ന് പരിശോധിക്കുന്നത് എപ്പോഴും നല്ലതാണ്. അപ്പോഴാണ് അസഹിഷ്ണുതയോടെ ജീവിച്ചവർ, അവർ എവിടെയുള്ളവരായാലും, അൽപന്മാരാണെന്ന് നാം കണ്ടെത്തുന്നത്; നാം ഏത് തലത്തിൽ നിൽക്കുന്നുവെന്നും.**